# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 593

01-12-2015-ൽ മറുപടിക്ക്

## എമർജിംഗ് കേരള

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) എമർജിംഗ് കേരളയിലൂടെ എത്ര പ്രോജക്ടുകൾക്ക് ഇതുവരെ ഭരണാനുമതി നൽകിയിട്ടുണ്ട് ; വിശദാംശം നൽകാമോ ; <br><br> (ബി) എമർജിംഗ് കേരളയിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപ പദ്ധതികളാണ് ഇതുവരെ നടപ്പിലാക്കാൻ സാധിച്ചത് ; | (എ) & (ബി) | എമർജിങ്ങ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്. 2015 മാർച്ച് മാസം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അതത് വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ അവതരിപ്പിച്ച ഈ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുരോഗമിക്കുന്ന 56 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്, ഈ പദ്ധതികളുടെയെല്ലാം കൂടിയുള്ള ആകെ നിക്ഷേപം ഏകദേശം 32137 കോടി രൂപയാണ്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികളുടെ ആകെ നിക്ഷേപം 23334 കോടി രൂപയാണ്. ഇതിൽ രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചു വരുന്നു. പൂർത്തിയായ രണ്ട് പദ്ധതികളുടെയും കൂടിയുള്ള നിക്ഷേപം ഏകദേശം 209 കോടി രൂപയാണ്. |

(സി) എമർജിംഗ് കേരള പദ്ധതിയുടെ ഭാഗമായി സർക്കാർ എത്ര രൂപ ചെലവഴിച്ചു ; വിശദാംശം നൽകാമോ ;

(സി) എമർജിംഗ് കേരള 2012 മായി ബന്ധപ്പെട്ട് നടത്തിയ വിവിധ പ്രവർത്തനങ്ങൾക്കായി സർക്കാർ ഇതു വരെ 19.73 കോടി രൂപ കെ.എസ്.ഐ.ഡി.സി മുഖേന ചെലവഴി ച്ചിട്ടുണ്ട്.

(ഡി) എമർജിംഗ് കേരള പദ്ധതി ഒരു വിജയമായിരുന്നു എന്ന് വിലയിരു ത്തുന്നുണ്ടോ ; എങ്കിൽ എന്തു കൊണ്ടാണ് ; വിശദീകരണം നൽ കാമോ ?

(ഡി) കേരളത്തെ വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമായി പുറംലോകത്തിനു മുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ യാണ് എമർജിങ്ങ് കേരള സംഗമം സംഘടിപ്പിച്ചത്. ദീർഘകാല അടിസ്ഥാന ത്തിലുള്ള സാമ്പത്തിക മുന്നേറ്റത്തിന് ആവശ്യമായ കർമ്മപദ്ധതികളും നിർദ്ദേശ ങ്ങളും സ്വരൂപിക്കുക എന്നതും എമർജിങ്ങ് കേരളയിലൂടെ ലക്ഷ്യമിട്ടിരുന്നു. ഇതിൽ സർക്കാർ വിജയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ